(ബി) പ്രസ്തുത വായ്പകളിൽ മതിയായ ഈട് ഇല്ലാതെ വായ്പ നൽകിയതായി നബാർഡ് ഇൻസ്പെക്ഷൻ വിംഗ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഷെഡ്യൂൾഡ് ബാങ്കുകളിലെ കുടിശ്ശിക വായ്പ തിരിച്ചടയ്ക്കുന്നതിലേക്ക് ഏതെങ്കിലും സ്വകാര്യ വ്യക്തികൾക്ക് ടേക്ക് ഓവർ ലോൺ നൽകുകയുണ്ടായിട്ടുണ്ടോ; എങ്കിൽ എന്തു തുക ഏത് തീയതികളിൽ ആർക്കെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 2004-ലെ ഫൈനൽ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ഇൻഡസ്ട്രിയൽ കോംപ്ലക്സ്

142 [577] *ശ്രീ. ടി. എൻ. പ്രതാപൻ:*

,, ജോർജ് ജെ. മാത്യു:

,, എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ഇൻഡസ്ട്രിയൽ കോംപ്ലക്സ് സ്ഥാപിക്കുന്നുണ്ടോ; എങ്കിൽ എവിടെ;

(ബി) ഇവിടെ എന്തെല്ലാം സാധനങ്ങൾ ഉൽപാദിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഈ കോംപ്ലക്സ് സ്ഥാപിക്കുന്നതിന് എന്തു ചെലവ് വരും എന്ന് പറയാമോ?

ഉത്തരം

(എ) സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. നിർദ്ദിഷ്ട കൊച്ചി സ്മാർട്ട് സിറ്റിക്കടുത്ത് സ്ഥലം ലഭ്യമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) ഇപ്പോൾ ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്ന റബ്ബർ അധിഷ്ഠിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സാധ്യത ആരാഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതു സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് റബ്ബർ ബോർഡിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) പ്രോജക്ട് റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ ചെലവു സംബന്ധിച്ച കാര്യങ്ങൾ അറിയാൻ കഴിയുകയുള്ളൂ.

(ചോദ്യോത്തരം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly